**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3298** **04-08-2021 - ൽ മറുപടിയ്ക്ക്**

**അങ്കണവാടി വർക്കർമാരുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിശ്ചിത ജോലിയ്ക്ക് പുറമെ, വിവിധ സർക്കാർ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അങ്കണവാടി വർക്കർമാരിൽ നിക്ഷിപ്തമാക്കിയിരിക്കുന്ന കർത്തവ്യങ്ങളും ചുമതലകളും കാരണം ഇവരുടെ ജോലി ഭാരം വളരെയധികം ഉയർന്ന തോതിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആറു വയസിന് താഴെ പ്രായമുള്ള കുട്ടികൾക്കും വിവിധ സേവനങ്ങൾ അംഗൻവാടികൾ മുഖാന്തിരം നൽകി വരുന്നുണ്ട്. ഇതിനു പുറമെ, അനുപൂരക പോഷകാഹാര പദ്ധതി, അനൗപചാരിക വിദ്യാഭ്യാസം, പോഷകാഹാര വിദ്യാഭ്യാസം, നവജാത ശിശുക്കളുടെയും ഗർഭിണികളുടെയും ഭവന സന്ദർശനം, അവർക്കു വേണ്ട ന്യൂട്രീഷൻ കൗൺസെലിംഗ് എന്നിവയും അംഗൻവാടി പ്രവർത്തകർ ഏറ്റെടുത്തു ചെയ്തു വരുന്നു. ഇപ്പോൾ പോഷൺ അഭിയാന്റെ വരവ് അംഗൻവാടി പ്രവർത്തകരിൽ കൂടുതൽ ഉത്തരവാദിത്തം നൽകുന്നുണ്ട്. കൂടാതെ, സാമൂഹ്യാധിഷ്ഠിത പരിപാടി (CBE), ഗ്രാമീണ ആരോഗ്യ-ശുചിത്വ-പോഷക ദൗത്യം (VHSND), മൊബിലൈസിംഗ് സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് എന്നിവയും ഈ പ്രവർത്തകരുടെ ചുമതലയിൽ പെട്ടതോടെ മാസത്തിൽ 25 ദിവസമെങ്കിലും അവരുടെ സേവനം അംഗൻവാടികളിൽ അത്യന്താപേക്ഷിതമാണ്. എന്നാൽ ഇലക്ഷൻ ഡ്യൂട്ടി, സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും ഏൽപ്പിക്കുന്ന വിവിധ സർവേകൾ, സെൻസസ് മുതലായ ജോലികൾ അംഗൻവാടി പ്രവർത്തകർ ചെയ്യാൻ ഇടവരുമ്പോൾ സ്ത്രീകളുടെയും കുട്ടികളുടെയും പോഷക നിലവാരം അംഗൻവാടികളിലൂടെ മെച്ചപ്പെടുത്തുന്നതിനുള്ള സർക്കാരിന്റെ ശ്രമങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപെട്ടിരിക്കുന്നു. ആയതിനാൽ അംഗൻവാടി സേവനങ്ങൾ, പോഷൺ അഭിയാൻ, സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SAG), പ്രധാൻ മന്ത്രി മാതൃവന്ദന യോജന (PMMVY), സ്ത്രീകളും കുട്ടികളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ എന്നിവയല്ലാതെ മറ്റു ജോലികൾക്കു നിയോഗിക്കുവാൻ പാടില്ലായെന്ന് കേന്ദ്രസർക്കാർ |

| | | | |
|---|---|---|---|
| | | | നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പുമായി സഹകരണം അനിവാര്യമായതിനാലും നിലവിൽ അംഗൻവാടികൾ പ്രവർത്തിക്കാത്ത സാഹചര്യത്തിലും കോവിഡ് 19-മായി ബന്ധപ്പെട്ട സേവന സഹായങ്ങൾ അംഗൻവാടി പ്രവർത്തകർ നടത്തി വരുന്നുണ്ട്. |
| (ബി) | ഇവരുടെ ജോലി ഭാരം കണക്കിലെടുത്ത് , കാറ്റഗറി 2 വിഭാഗം പാർട്ട് ടൈം സ്വീപ്പർമാർക്ക് സർക്കാർ നൽകുന്ന വേതനമെങ്കിലും അങ്കണവാടി വർക്കർമാർക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; | (ബി) | അംഗൻവാടി പ്രവർത്തകർ സർക്കാർ ജീവനക്കാരല്ല. അവർ ഓണറേറിയം കൈപ്പറ്റുന്ന സന്നദ്ധസേവകരാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിലാണ് ഇവർക്ക് ഓണറേറിയം അനുവദിക്കുന്നത്. അതിനാൽ പാർട്ട് ടൈം സ്വീപ്പർമാർക്ക് നൽകുന്ന വേതനം നൽകുന്നതു പ്രായോഗികമല്ല. നിലവിൽ മെയിൻ അംഗൻവാടി വർക്കർമാർക്ക് `2,000/-, മിനി അംഗൻവാടി വർക്കർമാർക്ക് `11,000/-, അംഗൻവാടി ഹെൽപ്പർമാർക്ക് `8,000/- എന്ന നിരക്കിലാണ് പ്രതിമാസ ഓണറേറിയം നൽകിവരുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അംഗൻവാടി പ്രവർത്തകർക്ക് കേരളത്തിൽ മെച്ചപ്പെട്ട ഓണറേറിയം നൽകി വരുന്നുണ്ട്. |
| (സി) | ഇപ്രകാരം വേതന വർദ്ധനവിന്, കേന്ദ്ര സർക്കാർ വിഹിതത്തിന് ഉപരിയായി സംസ്ഥാന സർക്കാർ അധികമായി തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | അംഗൻവാടി ജീവനക്കാർക്ക് കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, തദ്ദേശസ്വയംഭരണസ്ഥാപന വിഹിതം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് ഓണറേറിയം നൽകി വരുന്നത്. നിലവിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന ഓണറേറിയം മെയിൻ അംഗൻവാടി വർക്കർക്ക് `4,500/-ഉം മിനി അംഗൻവാടി വർക്കർക്ക് `3,500/-ഉം അംഗൻവാടി ഹെൽപ്പർക്ക് `2,250/-ഉം ആണ്. ഇത് 60:40 എന്ന അനുപാതത്തിൽ, കേന്ദ്ര വിഹിതം 60%ഉം സംസ്ഥാന വിഹിതം 40% ഉം ആയാണ് നൽകേണ്ടത്. എന്നാൽ, നമ്മുടെ സംസ്ഥാനത്ത് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ഓണറേറിയത്തിനു പുറമെ, സംസ്ഥാന വിഹിതമായി മെയിൻ അംഗൻവാടി വർക്കർക്കും മിനി അംഗൻവാടി വർക്കർക്കും `5,300/- വീതവും ഹെൽപ്പർക്ക് `4,300/-ഉം നൽകി വരുന്നു. ഇതിനു പുറമെ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വിഹിതമായി മെയിൻ അംഗൻവാടി വർക്കർക്കും മിനി അംഗൻവാടി വർക്കർക്കും `2,200/- വീതവും ഹെൽപ്പർക്ക് `1,450/-ഉം നൽകുന്നുണ്ട്. അപ്രകാരം, നിലവിൽ മെയിൻ അംഗൻവാടി വർക്കർമാർക്ക് `12,000/-, മിനി അംഗൻവാടി വർക്കർമാർക്ക് `11,000/-, |

| | | | |
|---|---|---|---|
| | | | അംഗൻവാടി ഹെൽപ്പർമാർക്ക് `8,000/- എന്ന നിരക്കിലാണ് പ്രതിമാസ ഓണറേറിയം നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ